Cir. No: GE134/2017


هيئة التعليم السنية بعموم كيرلا

# SAMASTHA KERALA SUNNI VIDYABHYASA BOARD

SAMASTHA CENTRE, MARKAZ COMPLEX ROAD, CALICUT - 6

PH: 0495 - 2772840,41 Email: sksvb@ymail.com, Web: samastha.in


(പരീക്ഷാ വിഭാഗം)

**മദ്റസാ മാനേജിംഗ് കമ്മിറ്റി,സ്വദർ മുഅല്ലിം,റെയിഞ്ച് ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്**

## ജനറൽ പൊതുപരീക്ഷ - 2018 ഏപ്രിൽ

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് അംഗീകരിച്ച മദ്റസകളിലെ **V, VII, X, +2** ക്ലാസുകളിലെ പൊതുപരീക്ഷ 2018 ഏപ്രിൽ 21,22 (ശനി, ഞായർ) തിയ്യതികളിൽ താഴെ ചേർത്ത ടൈംടേബിൾ പ്രകാരം നടത്തുന്നതാണ്. അംഗീകാരമില്ലാത്ത മദ്റസകളിൽ പൊതുപരീക്ഷ നടത്തുന്നതല്ല.

### പരീക്ഷാ ടൈംടേബിൾ

| തിയ്യതി | സമയം | V | VII | X | +2 |
|---|---|---|---|---|---|
| 21-04-2018 ശനി | 08.00 am to 10.00 am | الفقه | العقائد | التاريخ | الإسلامية (معالم الطلاب) |
| 21-04-2018 ശനി | 1.30 pm to 03.30 pm | الأخلاق والتجويد | الفقه | – | |
| 22-04-2018 ഞായർ | 07.00 am to 09.00 am | العقائد | التاريخ | تزكية الولدان | الفقه (خلاصة الفقه الإسلامي الجزء الخامس) |
| 22-04-2018 ഞായർ | 10.00 am to 12.00 noon | التاريخ | تزكية الولدان | الفقه | |

ഈ വർഷം മുതൽ പൊതുപരീക്ഷക്ക് അപേക്ഷിക്കാനും ഫീസടക്കാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയ വിവരം അറിയിക്കുന്നു.

പൊതുപരീക്ഷക്ക് കുട്ടികളുടെ പേർ റജിസ്റ്റർ ചെയ്യുന്നതിന് www.samastha.in എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് Student Registration ക്ലിക്ക് ചെയ്യുക. പിന്നീട് നിങ്ങളുടെ മദ്റസക്ക് വിദ്യാഭ്യാസ ബോർഡിൽ നിന്ന് റെയിഞ്ച് മുഖേന ലഭിച്ച User Name, Password എന്നിവ ടൈപ്പ് ചെയ്ത് പേജ് തുറക്കുക. ശേഷം അതിൽ ആവശ്യപ്പെടുന്ന മദ്റസാ സംബന്ധമായ അടിസ്ഥാന വിവരങ്ങൾ ടൈപ്പ് ചെയ്യുക. പിന്നീട് Student ൽ പോയി Add Student ക്ലിക്ക് ചെയ്യുക ശേഷം ഏതു ക്ലാസിലാണ് എന്ന് ടിക്ക് ചെയ്ത് മദ്ഹബ് (ശാഫി, ഹനഫി) സെലക്ട് ചെയ്ത് കുട്ടികളുടെ പേരു വിവരങ്ങൾ (അഡ്മിഷൻ നമ്പർ, പ്രവേശന തിയ്യതി, കുട്ടിയുടെ പേര്, ഇനീഷ്യൽ, പിതാവിന്റെ പേര്, ജനന തിയ്യതി, എത്രാം വർഷം എന്നിവ ടൈപ്പ് ചെയ്ത് (കുട്ടിയുടെ പേര്, പിതാവിന്റെ പേര്, എന്നിവ ഇംഗ്ലീഷ് വലിയ അക്ഷരത്തിലും അറബിയിലും ടൈപ്പ് ചെയ്യണം ) ശേഷം SAVE ചെയ്യുക. ഇതു പോലെ മദ്റസയിലെ എല്ലാ കുട്ടികളുടെയും പേർ എന്റർ ചെയ്യുക. അതിനു ശേഷം Download ൽ ക്ലിക്ക് ചെയ്ത് ഓരോ ക്ലാസിന്റെയും ലിസ്റ്റുകൾ പ്രിന്റെടുക്കുക. പ്രിന്റെടുത്തതിന് ശേഷം കുട്ടിയുടെ പേരു വിവരങ്ങൾ എന്റർ ചെയ്തതിൽ വല്ല തെറ്റുകളുമുണ്ടെങ്കിൽ Student ൽ പോയി Student List ഓപ്പൺ ചെയ്യുക എന്നിട്ട് വേ മാറ്റങ്ങൾ വരുത്തി Update ചെയ്യുക.

ശേഷം ഓരോ ക്ലാസിന്റെയും അപേക്ഷയുടെ ഒരോ കോപ്പി പ്രിന്റ് എടുത്ത് മദ്റസാ ഫയലിൽ സൂക്ഷിക്കണം. പ്രിന്റെടുത്ത അപേക്ഷാ ഫോറത്തിന്റെ ഓരോ കോപ്പികളും ഫീസ് സംഖ്യ (ഒരു കുട്ടിക്ക് 130 രൂപ) യും 20-12-2017ന് മുമ്പായി റെയിഞ്ച് പരീക്ഷാ സെക്രട്ടറിയെ ഏൽപ്പിക്കണം. ഫീസടച്ചതിനുള്ള റസിപ്റ്റ് റെയിഞ്ച് പരീക്ഷാ സെക്രട്ടറിയിൽ നിന്ന് പിന്നീട് ലഭിക്കുന്നതാണ്.

റെയിഞ്ചു മുഖേന അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കുന്നതല്ല. കന്നഡ, ഉർദു, തമിഴ്, അറബി തമിഴ് പാഠ പുസ്തകം പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും ശാഫി, ഹനഫി എന്നീ വിവരങ്ങളും അപേക്ഷാ ഫോറത്തിൽ അതാതിന്റെ കോള ങ്ങളിൽ വന്നിട്ടുണ്ടോ എന്ന് ശ്രദ്ധിക്കണം. അപേക്ഷ അയച്ച ശേഷം യാതൊരു ഭേദഗതിയും അനുവദിക്കുന്നതല്ല.

10ൽ കുറഞ്ഞ അപേക്ഷകരുള്ള മദ്റസ സെന്ററായി അനുവദിക്കണമെങ്കിൽ 1300 രൂപ അടക്കണം. സെന്ററായി ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേരും സ്ഥലവും അംഗീകരണ നമ്പറും പ്രിന്റെടുത്ത ഫോറത്തിൽ ചുകപ്പു മഷിയിൽ രേഖപ്പെടുത്തണം പ്രസ്തുത സ്ഥാപനത്തിലെ സ്വദ്ർ മുഅല്ലിമിന്റെ സമ്മത പത്രം അപേക്ഷാ ഫോറത്തിന്റെ കൂടെ വെക്കേണ്ടതുമാണ്.

ഫീസടച്ച ശേഷം ഏതെങ്കിലും കുട്ടി മദ്റസയിൽ നിന്ന് വിട്ടു പോയാൽ പ്രസ്തുത വിവരം 2018 ഫെബ്രുവരി 15നു മുമ്പായി രേഖാ മൂലം ഓഫീസിൽ ലഭിച്ചിരിക്കണം.

പൊതു പരീക്ഷാ സംബന്ധമായ എല്ലാ എഴുത്തിടപാടുകളും താഴെ കാണിച്ച വിലാസത്തിൽ മാത്രമായിരിക്കേണ്ടതാണ്. കാര്യക്ഷമമായ പരീക്ഷാ നടത്തിപ്പിന് പ്രസ്തുത നിർദ്ദേശങ്ങൾ പുർണ്ണമായും പാലിക്കണമെന്നഭ്യർത്ഥിക്കുന്നു.

2018ലെ പൊതുപരീക്ഷാ ഉത്തരക്കടലാസുകളുടെ **മൂല്യനിർണ്ണയ ക്യാമ്പ് ഏപ്രിൽ 25 മുതൽ മലപ്പുറം, കൊളപ്പുറം, കൊടുവള്ളി, അരീക്കോട് എന്നീ നാല് കേന്ദ്രങ്ങളിൽ** വെച്ച് നടത്തപ്പെടുന്നതാണ് റെയിഞ്ചുകളിൽ നിന്നുള്ള അപേക്ഷകരുടെ പേരു വിവരങ്ങൾ 01-01-2018ന് മുമ്പായി ബോർഡ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: 9447 261022, 8281 270175, 9496459244, 9745803956**

ചെയർമാൻ (പരീക്ഷാ വിഭാഗം)
സുന്നി വിദ്യാഭ്യാസ ബോർഡ്,
സമസ്ത സെന്റർ, കോഴിക്കോട് - 673006

കോഴിക്കോട്
23-10-2017